പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 196 — 05/02/2018 ൽ മറുപടിക്ക്

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ശാന്തി നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ഡി.കെ. മുരളി<br>,, എൻ. വിജയൻ പിള്ള<br>,, ആർ. രാജേഷ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെ ത്തിയ ശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ശാന്തി നിയമനത്തിൽ ഉണ്ടാക്കിയ നയപര മായ പരിഷ്കാരം എന്താണെന്ന് അറിയിക്കാമോ; | | ( എ)യും (ബി)യും<br>ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ ശാന്തി നിയമനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡു വഴി നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ നിയമനങ്ങൾ സർക്കാർ നിയമനങ്ങളിൽ ഹിന്ദുമതത്തിലെ വിവിധ വിഭാഗങ്ങൾക്കനുവദിക്കുന്ന സംവരണതത്വം പാലിച്ചാണ് നടത്തുന്നത്. ഇപ്രകാരം നിയമനം നടത്തുന്നതിനായി ബന്ധപ്പെട്ട ബോർഡുകൾ നിയമനത്തിനുള്ള ഒഴിവുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് റിപ്പോർട്ടു ചെയ്യേണ്ടതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി ശാന്തി നിയമനം നടത്തുകയും ഇതുവഴി ദളിത് പിന്നോക്കക്കാർ ഉൾപ്പെടെയുള്ളവർക്ക് ശാന്തിക്കാരായി നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡുകളിലേയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് സംവരണ തത്വം പാലിച്ച് തന്നെയാണ് നിയമനം നടത്തുന്നത്. |
| (ബി) | പട്ടികജാതിയിൽപ്പെട്ടവരെ ശാന്തിക്കാരായി നിയമിച്ച കാര്യം ദേശീയ തലത്തിൽ ചർച്ചയായ സ്ഥിതിക്ക്, ഈ മാതൃക സംസ്ഥാനത്തെ മറ്റ് ദേവസ്വം ബോർഡുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിയമനം കാര്യക്ഷമവും സുതാര്യവുമായി നടത്തുന്നതിന് പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളിലേയും പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ ദേവസ്വം ബോർഡുകൾ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനു കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ദേവസ്വം ബോർഡുകളും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡും അഴിമതി മുക്തമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ യെന്ന് അറിയിക്കാമോ? | (ഡി) | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ അഴിമതിയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല എന്നാൽ ദേവസ്വം ബോർഡുകളുടെ കാര്യങ്ങളിൽ ശ്രദ്ധയിൽപെടുന്ന അഴിമതി ആരോപണങ്ങളിൽ നിയമാനുസൃത നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ